"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് ഓഫീസറായ ശ്രീ.ബാബു.എം.-ന്റെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.240/2024/F&P തീയതി,തിരുവനന്തപുരം, 16-05-2024

---

പരാമർശം:-
1. ഫിഷറീസ് ഡയറക്ടറുടെ 22/12/2023-ലെ DFTVM/3894/2023-A4 നമ്പർ ഉത്തരവ്
2. ഫിഷറീസ് ഡയറക്ടറുടെ 09/02/2024-ലെ DFTVM/3894/2023-A4 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് ഓഫീസർ തസ്തികയിൽ 18/09/2017-ന് ജോലിയിൽ പ്രവേശിച്ച ശ്രീ. ബാബു. എം. പ്രസ്തുത തസ്തികയിൽ രണ്ട് വർഷത്തെ സേവനം 17/09/2019-ന് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ ടിയാൻ ഫിഷറീസ് വകുപ്പ് നടത്തുന്ന സ്റ്റാഫ് ട്രെയിനിംഗ് കോഴ്സും അക്കൗണ്ട് ടെസ്റ്റും വിജയിക്കാത്തതിനാൽ, ടിയാൻ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവായിട്ടില്ല. ടിയാൻ സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് വിജയിച്ചത് 11/07/2023 -നാണ്. 28/01/2020-ൽ ടിയാന് 50 വയസ്സ് പൂർത്തിയായതിനാൽ (ജനനതീയതി - 28/01/1970) കെ.എസ്.&എസ്.എസ്.ആർ ചട്ടം 13B-യുടെ പ്രൊവിസോ പ്രകാരമുള്ള ആനുകൂല്യം നൽകി ടിയാനെ ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കികൊണ്ടും ടിയാന്റെ ഫിഷറീസ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് KS&SSR ചട്ടം 21 പ്രകാരം 18/09/2019 മുതൽ 17/09/2020 വരെ ദീർഘിപ്പിച്ചു കൊണ്ടും പരാമർശം 1പ്രകാരം ഫിഷറീസ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ടിയാന്റെ പ്രൊബേഷൻ കാലയളവ് 18/09/2020 മുതൽ ടിയാൻ സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് വിജയിച്ച തീയതി വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 2 പ്രകാരം ഫിഷറീസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഫിഷറീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ബാബു.എം-ന്റെ ടി തസ്തികയിലെ പ്രൊബേഷൻ

**12/07/2023 FN** തീയതി പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിയായ ഫിഷറീസ് ഡയറക്ടർക്ക് സാധിക്കുമാറ് ടിയാന്റെ ഫിഷറീസ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് **KS&SSR** ഭാഗം **II** ചട്ടം **21** പ്രകാരം **18.09.2020** മുതൽ **13.07.2023** വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEDEVI I B**

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ബാബു.എം, ഫിഷറീസ് ഓഫീസർ (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ